## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *115 — 03.12.2015-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.മുരളീധരൻ<br>,, പാലോട് രവി<br>,, വർക്കല കഹാർ | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) തിരുവനന്തപുരം നഗരത്തിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) തിരുവനന്തപുരം നഗരം ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കുകൾ ലഘൂകരിക്കുന്നതിൽ നിർണ്ണായകമായ കാൽവെയ്പാകും ലൈറ്റ് മെട്രോ പദ്ധതി. റോഡ് വികസനത്തിന് വേണ്ടിവരുന്ന വൻ തോതിലുള്ള സ്ഥലമെടുപ്പും പുനരധിവാസവും ലൈറ്റ് മെട്രോ പദ്ധതികൾക്ക് ആവശ്യമായി വരുന്നില്ല. കൂടാതെ, സമയക്ലിപ്തത, സാധാരണക്കാരന് താങ്ങാൻ കഴിയുന്ന നിരക്കുകൾ, സുഖപ്രദമായ യാത്ര, ഇന്ധനലാഭം തുടങ്ങിയ നേട്ടങ്ങൾ ഈ പദ്ധതി വഴി കൈവരിക്കാനാകുന്നു. വൈദ്യുതിയിൽ ഓടുന്ന വാഹനം ആയതിനാൽ, അന്തരീക്ഷ മലിനീകരണം ഉണ്ടാവില്ല എന്നതും മറ്റൊരു പ്രധാന നേട്ടമാണ്. |
| (സി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഈ പദ്ധതികളുടെ നടത്തിപ്പിനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) രൂപീകരിച്ചിട്ടുണ്ട്. ലൈറ്റ് മെട്രോയുടെ വിശദമായ പദ്ധതി റിപ്പോർട്ട് അംഗീകരിച്ച് സ.ഉ.(കൈ) നം.74/15/ പൊ.മ.വ. തീയതി 11.09.2015 പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി വിശദമായ പദ്ധതി റിപ്പോർട്ടും സമഗ്ര ഗതാഗത പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ